MCC Library

**C 82755** (Pages : 2) Name..................................

Reg. No..................................

# SECOND SEMESTER M.A./M.Sc./M.Com. DEGREE EXAMINATION JUNE 2020

(CUCSS)

Malayalam

MAL 2C 06—MALAYALA VYAKARANAM

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഹ്രസ്വഖണ്ഡികയിൽ **പതിന്നാലു** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 ആഗമികവ്യാകരണം എന്നാൽ എന്ത് ?

2 ഗുണ്ടർട്ടിന്റെ 'മലയാള ഭാഷാവ്യാകരണ'ത്തെ പരിചയപ്പെടുത്തുക.

3 സംഹിതയും സന്ധിയും തമ്മിലുള്ള വ്യത്യാസമെന്ത് ?

4 ശബ്ദം, പദം എന്നിവയെ കേരളപാണിനി നിർവചിക്കുന്നതെങ്ങനെ ?

5 പേരെച്ചം എന്നാൽ എന്ത് ? ഉദാഹരണസഹിതം വ്യക്തമാക്കുക.

6 ദ്രവ്യനാമത്തിന്റെ അവാന്തരവിഭാഗങ്ങൾ ഏതെല്ലാം ?

7 ''സംഖ്യാവിശേഷണം ചേർന്നാൽ

ക്ലീബേ വേണ്ട ബഹുക്കുറി''—വിശദീകരിക്കുക.

8 നാമധാതു എന്നാൽ എന്ത് ?

9 ആഖ്യ, ആഖ്യാതം—നിർവചിക്കുക.

10 'തമിഴിനുള്ളത് ലിപിദാരിദ്ര്യമാണ് ; ധ്വനിദാരിദ്ര്യമല്ല' എന്ന് പറയുന്നതിന് അടിസ്ഥാനമെന്ത് ?

11 രാപകൽ എന്നതിലെ 'പ'കാരം ഇരട്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കുക.

12 വിഭക്ത്യാഭാസം എന്നാൽ എന്ത് ? എത്ര വിധം ?

13 ''റുട്വോർദ്വിത്വം ച''—വ്യാഖ്യാനിക്കുക.

14 വാക്യരചനയിൽ മലയാളം സ്വീകരിച്ചിട്ടുള്ള പദക്രമം എപ്രകാരമാണ് ?

(14 × 1 = 14 weightage)

Turn over

MCC Library



II. വലിയ ഖണ്ഡികയിൽ **ഏഴെണ്ണ**ത്തിനു മാത്രം ഉത്തരമെഴുതുക :

15 ഭാഷാപഗ്രഥനത്തിലെ ഏകകാലിക, ബഹുകാലിക സമീപനങ്ങളെക്കുറിച്ച് വിശദീകരിക്കുക.

16 പാണിനീയത്തിന്റെ വ്യാഖ്യാനമെന്ന നിലയിൽ 'പാണിനീയപ്രദ്യോത'ത്തെ പരിചയപ്പെടുത്തുക.

17 അനുസ്വാരത്തിന് ആദേശസന്ധിയിൽ വരുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ?

18 ഭേദകവിഭാഗങ്ങൾ ഏതെല്ലാം ? ഓരോന്നും നിർവചിച്ചുദാഹരിക്കുക.

19 അർത്ഥം, പ്രകൃതി, പ്രാമാണ്യം എന്നിവ പ്രമാണിച്ച് കൃതികളെ എങ്ങനെ വിഭജിക്കാമെന്ന് വ്യക്തമാക്കുക.

20 ''വിനയെച്ചങ്ങളെത്രേ''—അവ ഏതെല്ലാം ? സോദാഹരണം വിശദമാക്കുക.

21 നിഗീർണ്ണകർത്തൃകക്രിയ എന്നാൽ എന്ത് ?

22 ''ഇതത്രേ രൂപനിഷ്പത്തി-

നയം ദ്രാവിഡഭാഷയിൽ''—ദ്രാവിഡഭാഷകളിലെ രൂപനിഷ്പത്തിനയം എന്താണ് ? അതിൽ നിന്നും മലയാളത്തിനുള്ള വ്യത്യാസമെന്ത് ?

23 അലുപ്തസമാസം, വ്യവഹിതസമാസം എന്നിവ എന്തെന്ന് വിശദമാക്കി സമാസനിർവചനത്തോട് ഇവ എത്രത്തോളം യോജിക്കുന്നുവെന്ന് പരിശോധിക്കുക.

24 വാക്യ രചനയിൽ കാരകങ്ങൾക്കുള്ള പ്രാധാന്യമെന്ത് ?

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

25 മലയാളത്തിലെ അക്ഷരസംഖ്യയെക്കുറിച്ചുള്ള വിവിധ വൈയാകരണന്മാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

26 നാമവിഭാഗത്തെ കേരളപാണിനി എങ്ങനെയെല്ലാം വിഭജിക്കുന്നുവെന്ന് ഉദാഹരണസഹിതം വിശദമാക്കുക.

27 ലീലാതിലകത്തിലെയും കേരള പാണിനീയത്തിലെയും ലിംഗവചനവിഭക്തി ചർച്ചകൾ താരതമ്യം ചെയ്യുക.

28 വാക്യത്തെ നിർവചിച്ച് വിവിധ വാക്യവിഭാഗങ്ങളെക്കുറിച്ച് സോദാഹരണം വിവരിക്കുക.

(2 × 4 = 8 weightage)